ഉൾനാടൻ മത്സ്യമേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

21 (*651) ശ്രീ. എം. ഹംസ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ സംരക്ഷിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വംശനാശം നേരിടുന്ന മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ചെറുതും വലുതുമായ ജലാശയങ്ങളിൽ വളർത്തുന്നതിനായി നല്ല ഇനം മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) : സർ,

(എ) ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ ഫിഷറീസ് വകുപ്പ് എല്ലാ ജില്ലകളിലും പൊതു ജലാശയങ്ങളിലും റിസർവോയറുകളിലും അഴിമുഖങ്ങളിലും മത്സ്യ ചെമ്മീൻ വിത്ത് നിക്ഷേപിച്ചു വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിന് പൊതുജലാശയങ്ങളുള്ള എല്ല പഞ്ചായത്തുകളിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഒരു കോടി മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഒരു പദ്ധതി അടുത്തമാസം ഒരു പ്രത്യേക ദിനത്തിൽ നടപ്പാക്കുന്നതാണ്. ഊന്നിവല/ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയിലൂടെ മത്സ്യ സമ്പത്തിനുണ്ടാകുന്ന ക്രമാതീതമായ ചൂഷണം നിയന്ത്രിക്കുന്നു. മത്സ്യങ്ങളുടെ ആവാസ കേന്ദ്രമായ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നു. ശാസ്താംകോട്ട, പെരിയാർ, ഇരിട്ടി എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി 'ഫിർമ' വഴി നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യോല്പാദനം നിലവിലുള്ള 0.75 ലക്ഷം ടണ്ണിൽ നിന്ന് 2 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിന് 10,000 ഹെക്ടർ പ്രദേശങ്ങളിൽ മത്സ്യകേരളം പദ്ധതി നടപ്പിലാക്കുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനഫലമായി ഉൾനാടൻ മത്സ്യോല്പാദനം 1.26 ലക്ഷം ടൺ ആയി വർദ്ധിച്ചു. പൊതു ജലാശയങ്ങൾ മത്സ്യകൃഷിക്ക് മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഒരു ലീസിംഗ് പോളിസിക്ക് രൂപം നല്കുന്നതിന് സർക്കാർ ഡോ. എം. എൻ. കുട്ടി അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഏകീകൃത ഉൾനാടൻ മത്സ്യബന്ധന ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വംശനാശം നേരിടുന്ന മഹസീർ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് നദികളിലും തടാകങ്ങളിലും നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ വയനാട് പൂക്കോട് തടാകത്തിൽ ഒരു മഹസീർ ഹാച്ചറി ഫിർമയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുതും വലുതുമായ ജലാശയങ്ങൾ ഉൾപ്പെടെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മത്സ്യകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഇപ്പോൾ തന്നെ 530 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 61250 കരിമീൻ കുഞ്ഞുങ്ങളേയും 13825 തിരുത കുഞ്ഞുങ്ങളേയും 173 ലക്ഷം ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളേയും മത്സ്യകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മത്സ്യ കർഷകർക്ക് 532.6 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും വിതരണം നടത്തി. തുടർന്നും നല്ല ഇനം മത്സ്യകുഞ്ഞുങ്ങളെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

'വെസ്സൽട്രാക്കിംഗ്' പദ്ധതി

22 (*652) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'വെസ്സൽട്രാക്കിംഗ്' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതുഘട്ടം വരെയായി ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിന് ആകെ എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(ഡി) ഈ പദ്ധതി മത്സ്യത്തൊഴിലാളി സമൂഹത്തിന് എത്രത്തോളം ഗുണപ്രദമാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) 'വെസ്സൽട്രാക്കിംഗ്' പദ്ധതി എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ) :

(എ) കേരള സർക്കാർ, നൂതന പദ്ധതിയായ 'വെസ്സൽ ട്രാക്കിംഗ് സിസ്റ്റം' തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 100 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് പൈലറ്റ് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പൈലറ്റ് പദ്ധതിക്ക് 65 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) കടൽ വഴിയുള്ള ഭീകര പ്രവർത്തനങ്ങളും മറ്റ് വിധ്വംസക പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും പ്രസ്തുത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly